## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 92 04/02/2013 ൽ മറുപടിക്ക്

## തസ്തിക ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യൽ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി. എ. മാധവൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) ലഭ്യമായ ഒഴിവുകളും. 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യെ ഇ-മെയിലിലൂടെ അറിയിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) യും (സി)യും<br><br>1.6.2012 മുതൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് കെ.പി.എസ്.സി. സെക്രട്ടറിയുടെ ഇ-മെയിൽ ഐ.ഡി. ആയ secretary@psc.kerala.gov.in വഴി ആയിരിക്കണമെന്ന് സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ഇ-മെയിൽ വഴി ഒഴിവുകൾ അറിയിക്കുന്നതിനോടൊപ്പം തന്നെ ഇവയുടെ ഹാർഡ് കോപ്പി തപാൽ മാർഗ്ഗം കമ്മീഷന് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | |

A-[signature]

**സെക്ഷൻ ഓഫീസർ**